നമ്പർ: D2/5659/19

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ,തിരുവനന്തപുരം.
തീയതി : 05.09.2019
E-mail:swdkerala@gmail.com
Ph: 0471 2306040

# വിജ്ഞാപനം

സാമൂഹ്യ നീതി വകുപ്പിനു കീഴിൽ ഭിന്നശേഷിക്കാർക്കായി വിവിധ ജില്ലകളിൽ പ്രവർത്തിക്കുന്ന 11 സ്ഥാപനങ്ങളിൽ (6 ആശാഭവനുകൾ, 3 വികലാംഗ സദനങ്ങൾ, പ്രതീക്ഷാ ഭവൻ, പ്രത്യാശാ ഭവൻ) NGO/പ്രൊഫഷണൽ ഏജൻസീസ് എന്നിവരുടെ പങ്കാളിത്തത്തോടെ ചുവടെപ്പറയുന്ന സേവനങ്ങൾ ലഭ്യമാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1. മ്യൂസിക് തെറാപ്പി പ്രോഗ്രാം
2. യോഗ തെറാപ്പി
3. സൈക്കാട്രിക് സർവ്വീസസ് & ഫിസിയോ തെറാപ്പി
4. വൊക്കേഷണൽ & സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം

മേൽപ്പറഞ്ഞ പ്രോഗ്രാമുകൾ ഒന്നിച്ചോ , അല്ലാതെയോ നടത്തുന്നതിന് അതാത് മേഖലകളിൽ പ്രവർത്തിക്കുന്ന പരിചയ സമ്പന്നരായ അംഗീകൃത സന്നദ്ധ സംഘടനകൾ/ പ്രൊഫഷണൽ ഏജൻസീസ് എന്നിവരിൽ നിന്നും താത്പര്യപത്രം ക്ഷണിച്ചു കൊള്ളുന്നു. പരിശീലകർ നിർദ്ധിഷ്ട മേഖലകളിൽ ഡിപ്ലോമ/ ഡിഗ്രി യോഗ്യത ഉള്ളവരായിരിക്കണം. ഓരോ മേഖലയിലും ആഴ്ചയിൽ രണ്ടു ദിവസം ഒരു മണിക്കൂർ വീതം പരിശീലനം ഏർപ്പാടാക്കേണ്ടതാണ്. താത്പര്യമുള്ളവർ 30.09.2019 തീയതിയ്ക്കുള്ളിൽ സാമൂഹ്യ നീതി ഡയറക്ടർ, വികാസ് ഭവൻ, 5th ഫ്ലോർ, പി.എം.ജി, തിരുവനന്തപുരം എന്ന വിലാസത്തിൽ പ്രൊപ്പോസൽ സമർപ്പിക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്കു വേണ്ടി